(ബി) കേരള സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യപ്പെടുന്ന കാർഷികോല്പന്നങ്ങളുടെ ഗുണനിലവാരം അന്താരാഷ്ട്ര വിപണിയിൽ പൊതുവേ അംഗീകരിക്കപ്പെട്ടതാണെങ്കിലും പ്രസ്തുത വിപണിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാത്സര്യത്തിന്റെ വെളിച്ചത്തിൽ ഗുണമേന്മ ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കാർഷികോല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് വിളകളുടെ ശാസ്ത്രീയ പരിചരണം ആവശ്യമാണ്. അതിന് പ്രധാനമായി ഗുണമേന്മയുടെ പ്രാധാന്യം സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. കർഷകർക്കാവശ്യമായ ബോധവൽക്കരണം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഉല്പന്നങ്ങൾക്ക് ആഭ്യന്തര വിപണിയിലേക്കും ലോക വിപണിയിലേക്കും സമാന്തരമായ ശുചിത്വനിലവാരം നിഷ്കർഷിക്കാൻ സർട്ടിഫിക്കേഷനുകൾ ഏർപ്പെടുത്തുക എന്നിവ ചില നടപടികളാണ്. ദേശീയ ജൈവകൃഷി ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിച്ചുകിട്ടുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിവരുന്നു. ഇതിനായി പാലക്കാട്ടോ, ഇടുക്കിയിലോ 200 ഹെക്ടർ സ്ഥലം നൽകാമെന്ന് കേന്ദ്രത്തോട് വാഗ്ദാനം ചെയ്തിരിക്കുകയാണ്. അതുപോലെ കേന്ദ്ര കമ്മോഡിറ്റി ബോർഡുകൾ അതാത് മേഖലകളിലെ സർട്ടിഫിക്കേഷൻ ഏജൻസികളായി പരിവർത്തനപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

കർഷകർക്കുള്ള സബ്സിഡികൾ

61 (2509) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ഇസ്റാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് കാർഷിക ഉല്പാദനത്തിന് എന്തെല്ലാം സബ്സിഡികളാണ് നൽകുന്നത് ;

(ബി) ഇത് യഥാസമയം നൽകിവരുന്നുണ്ടോ ;

(സി) സഹായം യഥാർത്ഥ കർഷകന് കിട്ടുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാനകാർഷികവിളകളായ നെല്ല്, തെങ്ങ്, സുഗന്ധവ്യഞ്ജനവിളകൾ, കശുമാവ്, പച്ചക്കറികൾ തുടങ്ങിയവയുടെ ഉൽപാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കൃഷിവകുപ്പ് താഴെപറയുന്ന ഘടകങ്ങൾക്ക് കർഷകർക്ക് സബ്സിഡി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. ഉല്പാദന ഉപാധികളായ വിത്ത്, നടീൽവസ്തുക്കൾ, വളം കീടനാശിനികൾ തുടങ്ങിയവയ്ക്കുള്ള ധനസഹായം.

2. കൃഷിയിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം.

3. ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് കിണർ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും സഹായം.

4. സസ്യസംരക്ഷണ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിന് സ്പ്രേയറുകൾ വാങ്ങുന്നതിനുള്ള സഹായം.

5. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാക്ടറുകൾ, ട്രില്ലറുകൾ, മെതിയന്ത്രം മറ്റു കാർഷിക ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ധനസഹായം.

6. സൗജന്യ വൈദ്യുതി (നെൽകൃഷിക്ക് പൂർണ്ണമായും മറ്റു വിളകൾക്ക് 2.00 ഹെക്ടർ സ്ഥലംവരെ കൃഷി ചെയ്യുന്നവർക്ക്)

7. വിള ഇൻഷ്വറൻസു സഹായം.

8. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില നൽകി സംഭരണം.

9. ശാസ്ത്രീയമായ കൃഷി രീതികളിൽ കർഷകരെ ബോധവാന്മാരാക്കാനുള്ള പരിശീലന സഹായങ്ങൾ.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകിവരുന്നുണ്ട്.

(സി) കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ ആനുകൂല്യങ്ങൾ ഓരോ കൃഷി ഭവനുകളിലും നിലവിലുള്ള കാർഷിക വികസനസമിതിയുടെ അംഗീകാരത്തോടെ തെരഞ്ഞെടുത്ത കർഷകർക്കാണ് ലഭ്യമാക്കുന്നത്. തന്മൂലം സഹായം യഥാർത്ഥ കർഷകന് കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിന് പുറമെ കൃഷിഭവനുകളിൽകൂടി നൽകുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്കാണോ ലഭിക്കുന്നത് എന്ന് ബ്ലോക്ക് തലത്തിലെ അസിസ്റ്റന്റ് ഡയറക്ടമാർ, ജില്ലാതലത്തിലെ ഉദ്യോഗസ്ഥന്മാർ സംസ്ഥാനതലത്തിലെ ഉദ്യോഗസ്ഥന്മാർ എന്നിവരും പരിശോധിക്കുന്നുണ്ട്. ഇതിനുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു.

കർഷകർക്ക് കീടനാശിനികൾ നൽകാൻ നടപടി

62 (2510) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കർഷകർക്ക് ആവശ്യമായ കീടനാശികൾ കൃഷി വകുപ്പുവഴി നൽകുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly